മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം വളരെ ഗൗരവമായിട്ടുള്ള സംഗതിയാണ്. തൊഴിൽ വകുപ്പുമന്ത്രിയും, അന്നത്തെ വനം വകുപ്പുമന്ത്രിയും പലപ്രാവശ്യം കോൺഫറൻസ് വിളിച്ചു. ഈ കമ്പനിയുടെ സാമ്പത്തിക സ്ഥിതിയും ടെക്സ്റ്റൈൽ വ്യവസായ മേഖലയിലെ പ്രതിസന്ധിയും കാരണം കമ്പനി തുറക്കാൻ പറ്റില്ല എന്ന നിലപാടാണ് എടുത്തിരിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ നിലയ്ക്ക് ഞാൻ തന്നെ തൊഴിൽ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കോൺഫറൻസ് വിളിച്ചുകൂട്ടാം. ഏതെങ്കിലും വിധത്തിൽ അത് തുറപ്പിക്കാൻ സാധിക്കുമോ എന്ന് പരിശോധിക്കാം.

(2) ഏഴിമല നാവിക അക്കാഡമിക്കുവേണ്ടി അക്വയർ ചെയ്ത ഭൂമിയുടെ അവാർഡുതുക കുറവാണെന്ന പരാതി

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: ഈ സഭയിൽത്തന്നെ ഈ വിഷയവുമായി ബന്ധപ്പെട്ട് ഒരു സബ്മിഷൻ ഞാൻ അവതരിപ്പിച്ചിട്ടുള്ളതാണ്. ഏഴിമല നാവിക അക്കാദമി പ്രദേശത്തുള്ള ആയിരത്തിലധികം വരുന്ന ഭൂ ഉടമകളെ പ്രതിനിധീകരിച്ചുകൊണ്ട് അവിടത്തെ കൃഷിക്കാർ നിരാഹാര സമരത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. ന്യായമായി ലഭിക്കേണ്ടുന്ന അവാർഡ് തുക ലഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടാണ് അവർ സമരം നടത്തുന്നത്. 2800 ഓളം ഏക്കർ ഭൂമിയാണ് 1983-ൽ ഗവൺമെന്റ് ഏറ്റെടുത്തത്. അക്വിസിഷൻ സമയത്ത് ഭൂ ഉടമകൾക്ക് വളരെ തുച്ഛമായിട്ടുള്ള തുകയാണ് നഷ്ടപരിഹാരമായി നൽകിയിരുന്നത്. കേരള ലാന്റ് അക്വിസിഷൻ ആക്ട്, 28 (എ) വകുപ്പു പ്രകാരം അവാർഡ് തുക വർദ്ധിപ്പിക്കുന്നതിന് ആയിരക്കണക്കിന് നിർദ്ധനരായ ഗ്രാമീണർ അപേക്ഷ നൽകി കാത്തിരിപ്പ് തുടങ്ങിയിട്ട് 21 വർഷം കഴിഞ്ഞു. ലാന്റ് അക്വിസിഷൻ നടപടികൾക്കുവേണ്ടി ഏർപ്പെടുത്തിയ ആറ് ഓഫീസുകളും അടച്ച് പൂട്ടി ഫയലുകൾ തലശ്ശേരി ലാന്റ് അക്വിസിഷൻ തഹസീൽദാർക്ക് ഇപ്പോൾ കൈമാറിയിരിക്കുകയാണ്. ഈ ഓഫീസ് രാമൻതളിയിൽനിന്ന് തൊണ്ണൂറ് കിലോമീറ്റർ അകലെ ആയതിനാൽ നിർദ്ധനരായ ഗ്രാമീണർക്ക് നിരന്തരം ബന്ധപ്പെടാനും കഴിയുന്നില്ല. അതുകൊണ്ട് ഞാൻതന്നെ ഈ പ്രശ്നം ഇതിനുമുൻപും ചോദ്യം മുഖേനയും സബ്മിഷനായും ഈ സഭയിൽ ഉന്നയിച്ചതാണ്. അപ്പോഴൊക്കെ ബഹുമാനപ്പെട്ട മന്ത്രി അടിയന്തിരമായി അവർക്ക് കൊടുക്കേണ്ട ന്യായമായ തുക കൊടുക്കുമെന്ന് മറുപടിയും പറഞ്ഞിരുന്നതാണ്. പക്ഷെ നിവൃത്തിയില്ലാതെ ജനങ്ങൾ വീണ്ടും നിരാഹാര സമരത്തിലേക്ക് വലിച്ചിഴയ്ക്കപ്പെട്ടിരിക്കുകയാണ്. രാജ്യ സുരക്ഷയെക്കരുതി ദേശാഭിമാനബോധമുള്ള ജനങ്ങൾ അവരുടെ ജീവിതകാല സമ്പാദ്യം മുഴുവനും നൽകിയിട്ടും അതിന് അർഹമായ അംഗീകാരം ഇനിയും ലഭിക്കാത്തത് അങ്ങേയറ്റം ഗൗരവമുള്ള പ്രശ്നമായതിനാൽ, എൽ.എ. ആക്ട് 28 (എ) വകുപ്പു പ്രകാരം സമർപ്പിച്ച അപേക്ഷയിൻമേൽ അനുകൂലമായിട്ടുള്ള തീർപ്പ് കൽപ്പിക്കാൻ അടിയന്തിര നിർദ്ദേശം നൽകണമെന്നും അവർക്ക് കിട്ടേണ്ട നഷ്ടപരിഹാര തുക എത്രയും പെട്ടെന്ന് നൽകുന്നതിനാവശ്യമായിട്ടുള്ള നടപടി സ്വീകരിച്ച് നിരാഹാര സമരം അവസാനിപ്പിക്കുന്നതിന് ഗവൺമെന്റ് തന്നെ മുൻകൈയെടുക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ഈ നോട്ടീസിൽ പല കാര്യങ്ങളാണ് കാണിച്ചിട്ടുള്ളത്. നഷ്ടപരിഹാരത്തിനെ സംബന്ധിച്ചിടത്തോളം ഇതിന് നടപടിക്രമങ്ങളുണ്ട്. ആർ.ഡി.ഒ. ഒരു വില നിശ്ചയിക്കും. നിരക്ക് അത് പോരായെന്നുണ്ടെങ്കിൽ ലാന്റ് അക്വിസിഷൻ ആക്ട് അനുസരിച്ച് റഫറൻസ് സബ്കോടതിയിൽ കൊടുത്ത് ബെനിഫിറ്റിന് അപേക്ഷിക്കാം. ഇന്നുള്ള നടപടിക്രമങ്ങളനുസരിച്ചാണ് ലാന്റ് അക്വിസിഷൻ നടപടി നീക്കുന്നത്. നെഗോഷിയേറ്റഡ് പർച്ചേസാണെങ്കിൽ കക്ഷിയുമായിട്ട് നെഗോഷിയേറ്റ് ചെയ്താണ് തീരുമാനിക്കുന്നത്. കോടതിയിലുള്ള നടപടിക്രമങ്ങൾക്ക് കാലതാമസം വേണ്ടിവരാം. കേസുകളെ സംബന്ധിച്ച് സ്വാഭാവികമായും കാലതാമസം വരും പക്ഷെ അത് എക്സ്പെഡൈറ്റ് ചെയ്യുന്നതിനുള്ള നിർദ്ദേശം ഗവൺമെന്റ് കൊടുക്കാം. കാലതാമസമെന്തെങ്കിലുമുണ്ടെങ്കിൽ ഒഴിവാക്കി എത്രയും വേഗം ഇവിടുത്തെ നടപടിക്രമങ്ങൾ മുന്നോട്ട് നീക്കുന്നതിനാവശ്യമായ നിർദ്ദേശം കൊടുക്കാം. വേറൊരു കാര്യമുള്ളത് ഇവിടെ ഭൂമി ഏറ്റെടുക്കുന്നതിനെ സംബന്ധിച്ച് ഒരുകാര്യം ബഹുമാനപ്പെട്ട മെമ്പർ പറയുകയുണ്ടായി. 2-2-2005 ലെ ക്യാബിനെറ്റ് ഡിസിഷൻ അനുസരിച്ച് ഈ ഭൂമി എത്രയും വേഗം ഏറ്റെടുക്കുന്ന നടപടി സുഗമമാക്കുന്നതിനുവേണ്ടി 18 പോസ്റ്റുകൾ ക്രിയേറ്റ് ചെയ്ത് ഒരു യൂണിറ്റ് അവിടെ അനുവദിച്ചിട്ടുണ്ട്. അതിനുള്ള ഉത്തരവ് ഇന്നലെ കോടതി കൊടുത്തുകഴിഞ്ഞിട്ടുണ്ട്. പുതിയ യൂണിറ്റ് പ്രവർത്തിക്കുന്നതോടുകൂടി ബുദ്ധിമുട്ടുകൾ പരമാവധി ഒഴിവാകുമെന്നുള്ളതിന് യാതൊരു സംശയവുമില്ല. സമരം ആവശ്യമില്ലാത്ത കാര്യമാണ്. സമരത്തെ സംബന്ധിച്ചിടത്തോളം എനിക്കൊന്നും പറയാനില്ല. നിങ്ങളുടെ പൊളിറ്റിക്കലായിട്ടുള്ള സമരമാണ്. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് ഈ വിഷയത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(3) കർഷകർ എടുത്തിട്ടുള്ള 50,000 രൂപ വരെയുള്ള കാർഷിക കടങ്ങളുടെ പലിശ എഴുതിത്തള്ളാനുള്ള നടപടി

ശ്രീ. എൻ. ഡി. അപ്പച്ചൻ: സർ, സംസ്ഥാനത്തെ കർഷകർ സഹകരണ ബാങ്കുകളിൽനിന്ന് എടുത്തിട്ടുള്ള അൻപതിനായിരം രൂപ വരെയുള്ള കടങ്ങളുടെ പലിശ പൂർണ്ണമായി എഴുതിത്തള്ളുന്നതിനുവേണ്ടി ഗവൺമെന്റ് തീരുമാനമെടുത്ത് അതിനുള്ള നടപടിയുമായി മുന്നോട്ട് പോയിരുന്നു. പക്ഷെ ഇന്നുവരെ ആ പലിശ എഴുതിത്തള്ളുന്നതിനുള്ള നടപടിക്രമങ്ങൾ എവിടേയും നടപ്പിലാക്കിയിട്ടില്ല എന്നുള്ളതുകൊണ്ട് കർഷകർ പ്രതിസന്ധിയിലാണ്. കാർഷിക മേഖലയുടെ തകർച്ചയും പ്രതിസന്ധിയും പ്രയാസവുമായി ബുദ്ധിമുട്ടുന്ന കർഷകരെ സംബന്ധിച്ച് അവർക്ക് ലഭ്യമാക്കാൻ തീരുമാനിച്ച ആശ്വാസം നടപ്പിലാകാതെ പോകുന്നത് ഒരു ദു:ഖകരമായ കാര്യമാണ്. ബാങ്കിൽനിന്ന് ലോണെടുത്തിട്ടുള്ള കർഷകരുടെ അൻപതിനായിരം രൂപവരെയുള്ള കടങ്ങളുടെ പലിശ എത്രയും പെട്ടെന്ന് എഴുതിത്തള്ളുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കണമെന്നാണ് പറയാനുള്ളത്. കാർഷിക കടാശ്വാസബില്ലിന്റെ ഭാഗമായി 2006 വരെയുള്ള കടങ്ങൾക്ക് മോറട്ടോറിയം പ്രഖ്യാപിക്കുന്നതിന് ഗവൺമെന്റ് തീരുമാനമെടുത്തിരുന്നു. ആ നടപടിക്രമങ്ങളും പൂർത്തിയായില്ല. അതിനാൽ കൃഷിക്കാർ ഇന്ന് ബുദ്ധിമുട്ടുകയാണ്. ഇത് പരിഹരിക്കാനും നടപടിയുണ്ടാകണം.

LIBRARY ARCHIVES Kerala Legislative Assembly